(ഡി) സർക്കാർ നിയന്ത്രണത്തിലുള്ള നാറ്റ്പാക് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

ആരാധനാലയങ്ങൾ ചേർന്ന് പിൽഗ്രിം ടൂറിസ്റ്റ് സെന്റർ

306(4593) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല താലൂക്കിലെ അർത്തുങ്കൽ പള്ളി, കളവംകോട്ടം ക്ഷേത്രം, തന്നിപ്പള്ളി, പള്ളിപ്പുറം മാട്ടേൽ പള്ളി, കൊക്കോതമംഗലം പള്ളി, പള്ളിപ്പുറം സെന്റ് മേരിസ് ഫെറോന പള്ളി എന്നീ ആരാധനാലയങ്ങൾ ചേർന്ന് ഒരു പിൽഗ്രിം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക്

307(4594) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചു; എന്നാണ് അനുവദിച്ചു നൽകിയത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാർക്കിനായി എത്ര തുക മൊത്തം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ; പ്രസ്തുത ആവശ്യത്തിനായി പാലക്കാട് ഡി.റ്റി.പി.സി.-ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എത്രത്തോളം പൂർത്തീകരിച്ചു കഴിഞ്ഞു; വിശദാംശം നൽകാമോ;

(ഡി) എത്ര ജോലികൾ അവശേഷിക്കുന്നുണ്ട്; എന്തെല്ലാമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീകൃഷ്ണപുരത്തെ ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിനായി 4,95,00,000 രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് ബാക്കി ഇക എം.എൽ.എ. ഫണ്ടിൽനിന്നും കണ്ടെത്തണമെന്ന നിബന്ധനയോടുകൂടി 29-10-2013-ലെ സ.ഉ. (സാധാ) 8720/2013/ടൂറിസം പ്രകാരം 2,07,00,000 രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതി നിർവ്വഹണ ഏജൻസിയായ ഡി.റ്റി.പി.സി. പാലക്കാടിന് ആദ്യ ഗഡുവായി 50 ലക്ഷം രൂപ അനുവദിച്ചു. 6-6-2014-ലെ സ.ഉ. 573/14/ജ.വി.വ. പ്രകാരം 2 കോടി രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 495 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

Sl. No.	Details of work	Estimate cost (in lakhs)
(1)	(2)	(3)
1.	Gandhi Statue, Pathway, Amphitheater, Landscaping, Play area and seating	197.00
2.	Toilet Block	10.15
3.	Ticket counter	07.19
4.	Rain Pavilion	12.12
5.	Shop block	25.45
6.	View tower	13.73
7.	Multi purpose hall	62.55
8.	Mural Wall	6.53

(1)	(2)	(3)
9.	Electrification	66.50
10.	Plumbing, Sanitary & Fountain & Water tank	25.20
11.	Play equipments	50.00
12.	3rd show equipments, home theatre, seating and sound system	18.50
	Total	495.00

പ്രസ്തുത പദ്ധതിക്കായി പാലക്കാട് DTPC-ക്ക് 50 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്.

(സി) 1. ആംഫി തിയേറ്റർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

2. 5 പവലിയനിൽ 3 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2 എണ്ണം അന്തിമഘട്ടത്തിലാണ്.

3. വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചു.

4. വ്യൂവിംഗ് ടവർ പൂർത്തീകരിച്ചു.

5. കംഫർട്ട് സ്റ്റേഷൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

6. പഴയ ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കി. ഒരു പഴയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

7. സെക്യൂരിറ്റി ക്യാബിന്റെയും ടിക്കറ്റ് കൗണ്ടറിന്റേയും നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നീങ്ങുന്നു.

(ഡി) ഗാന്ധി സ്റ്റാച്യു, പാത്ത് വേ, ലാന്റ് സ്കേപ്പിംഗ്, പ്ലേ ഏരിയ, ഷോപ്പ് ബ്ലോക്ക്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, സാനിറ്ററി, ഫൗണ്ടൻ, പ്ലേ എക്യൂപ്മെന്റ്, 3 ഡി തിയേറ്റർ, ഹോം തിയേറ്റർ, സൗണ്ട് സിസ്റ്റം എന്നിവയുടെ ജോലികൾ അവശേഷിക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 4342, 4386, 4387, 4576 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly